**കേരള സർക്കാർ**

**സംഗ്രഹം**

കേരളാ ഹൗസ്, ന്യൂഡെൽഹി - സർക്കാർ ജീവനക്കാരുടെ വിമാനയാത്ര – മുൻകൂർ സർക്കാർ അനുമതി വാങ്ങുന്നതിൽ നിന്നും ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം.163/2018/ധന തിരുവനന്തപുരം, തീയതി, 22/10/2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1. സ.ഉ. (അച്ചടി) നം. 423/2006/ധന, തീയതി 16.08.2006
2. സർക്കുലർ നം. 31/2009/ധന തീയതി 07.04.2009
3. സ.ഉ (പി) നം. 164/2015/ധന തീയതി 07.05.2015

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം ഔദ്യോഗിക യാത്രയുടെ ഭാഗമായി വിമാനയാത്ര നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഡൽഹി കേരള ഹൗസിലെ ജീവനക്കാർ ഔദ്യോഗിക യാത്രയുടെ ഭാഗമായി വിമാനയാത്ര നടത്തേണ്ടി വരുമ്പോൾ സർക്കാർ അനുമതിയ്ക്കായി ഫയൽ അയക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ന്യൂഡൽഹി കേരള ഹൗസിലെ ഡെപ്യൂട്ടി സെക്രട്ടറി മുതൽ റാങ്കിലുള്ള ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഡൽഹിയിൽ നിന്നും തിരുവനന്തപുരത്തേക്കോ കൊച്ചിയിലേക്കോ തിരിച്ചോ വിമാനയാത്ര നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ കേരളാ ഹൗസ് റസിഡൻഷ്യൽ കമ്മീഷണറുടെ അനുമതിയോടെ യാത്ര നടത്താവുന്നതാണെന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. റെസിഡന്റ് കമ്മീഷണർ, കേരളാ ഹൗസ്, ന്യൂഡെൽഹി
5. ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ